■ രാത്രിയാത്രാ നിരോധനം

വിധിക്കെതിരെ സർക്കാർ സുപ്രീംകോടതിയെ സമീപിക്കണം: കുഞ്ഞാലിക്കുട്ടി

കോഴിക്കോട്: കോഴിക്കോട് - ബാംഗ്ലൂർ ദേശീയപാതയിൽ ഗതാഗത നിരോധനം തുടരാനുള്ള കർണ്ണാടക ഹൈക്കോടതി വിധിക്കെതിരെ സംസ്ഥാന സർക്കാർ സുപ്രീംകോടതിയെ സമീപിക്കണമെന്ന് മുസ്ലീം ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി. കെ കുഞ്ഞാലിക്കുട്ടി ആവശ്യപ്പെട്ടു. ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യം ഹനിക്കുന്ന കർണ്ണാടക ഹൈക്കോടതി വിധി ജനപക്ഷത്ത് നില്ക്കുന്നതല്ല. ബന്ദിപ്പൂർ വന്യജീവി സംരക്ഷണകേന്ദ്രത്തിലെ വന്യ ജീവികളുടെ സുരക്ഷ ലക്ഷ്യമിട്ടാണ് ഹൈക്കോടതി കർണ്ണാടക സർക്കാറിന്റെ നിയമം ശരിവച്ചിരിക്കുന്നത്. എന്നൽ ബദൽ റൂട്ട് ആയി നിശ്ചയിച്ച മാനന്തവാടി - കുട്ട റൂട്ട് കടന്നു പോകുന്നത് വയനാട്-തോൽപെട്ടി വന്യജീവി മേഖലയിലൂടെയാണ്. വന്യജീവികളുടെ സുരക്ഷയാണ് കോടതി ലക്ഷ്യമിടുന്നതെങ്കിൽ ഇതും പരിഗണിക്കേണ്ടതായിരുന്നു.

രാത്രികാല ഗതാഗത നിരോധനം ബാംഗ്ലൂരിലും മറ്റിടങ്ങളിലുമായി ജോലി ചെയ്യുന്ന നിരവധി മലയാളികൾക്കും കേരളത്തലേക്കുള്ള ചരക്ക് ഗതാഗതത്തിനും ഏറെ പ്രയാസമുണ്ടാക്കുന്നുണ്ട്. ബാംഗ്ലൂർ റൂട്ടിലെ ഗതാഗത നിരോധനം സംസ്ഥാന സർക്കാർ ഗൗരവത്തിലെടുത്തിട്ടില്ല.

പേരിനുമാത്രം കേസിൽ കക്ഷിചേരുന്നതിനു പകരം ഉന്നതരായ അഭിഭാഷകരെ വച്ച് ഇതിനെതിരെ സർക്കാർ സുപ്രീം കോടതിയെ സമീപിക്കണം- അദ്ദേഹം ആവശ്യപ്പെട്ടു

പ്രതികൾ ഉടൻ പിടിയിലാകും
എസ്. ഐയുടെ മത്സ്യങ്ങൾ ചത്തുപൊങ്ങി

കുണ്ടറ : മത്സ്യകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം സ്പെഷ്യൽ ബ്രാഞ്ച് എസ്.ഐ മുളവന, അമ്പിയിൽ വിജയൻ കൃഷി ഇറക്കിയ കുളത്തിലെ മീനുകൾ കൂട്ടത്തോടെ ചത്തുപൊങ്ങി.

സാമൂഹ്യവിരുദ്ധരാണ് ഇതിന്റെ പിന്നിലെന്ന് പരിസരവാസികൾ പറയുന്നു. കണ്ടാലറിയാവുന്ന ചിലർക്കെതിരെ എസ്.ഐ കുണ്ടറ പൊലീസിനും സി.ഐയ്ക്കും പരാതി നൽകിയിട്ടുണ്ട്. പ്രദേശവാസികളായ ചിലർ ഉടൻ കുടുങ്ങുമെന്ന് പൊലീസ് പറഞ്ഞു.

സഞ്ചരിക്കുന്ന നാടകവീട്

കൊല്ലം : സംസ്ഥാനത്തെ ഭൂരഹിതർക്കെല്ലും ഭൂമിയും വീടും നൽകുന്ന ഇഎംഎസ് ഭവനപദ്ധതിയുടെ സന്ദേശം പകർന്നെത്തിയ സഞ്ചരിക്കുന്ന നാടകവീട് കൗതുകമായി.

പല പല പദ്ധതി വന്നു
നാട്ടിൽ
പാവങ്ങൾക്ക് പണം നൽകി
എന്നിട്ടെന്തേ
നിങ്ങൾക്കിന്നും
വീടുണ്ടാക്കാനൊത്തില്ലേ?

എന്ന കുട്ടിയുടെ ചോദ്യത്തിന് അമ്മയുടെ ഉത്തരം ഇതാണ് ; ഒത്തമരത്തിൽ കൊമ്പത്തല്ലേ കുടുണ്ടാക്കൂ;
പൂങ്കുയിലേ, സ്വന്തം പേരിൽ സ്ഥലമുള്ളോർക്കേ വീടുണ്ടാക്കാൻ തുണയുള്ളൂ.

എന്നാൽ അമ്മയേയും കുഞ്ഞിനേയും മാറിയ കാലത്തിന്റെ നേരറിയിച്ച് പൂങ്കുയിൽ എന്ന നാടക കഥാപാത്രം പറയുന്നു;

ഇപ്പോൾ ഇ.എം.എസ് ഭവനപദ്ധതി വഴി സ്ഥലമില്ലാത്തവർക്ക് സ്ഥലവും വീടും ലഭിക്കുമെന്ന്. ഒടുവിൽ നാടകത്തിലെ ഭവനരഹിതനായ കൃഷിക്കാരൻ തുല്യദുഃഖിതരോട് പറയുന്നു; സന്നദ്ധ സേവനത്തിന് തയ്യാറായി അണിചേരൂ. എം.എം. സജീന്ദ്രന്റെ 'വീടെന്നാൽ സ്വാതന്ത്ര്യം' എന്ന നാടകത്തിൽ അച്ഛനും അമ്മയും മകനും മുത്തച്ഛനും പരസ്പരം കെട്ടിപ്പിടിച്ച് കീറപ്പായും വീട്ടുപകരണങ്ങളുമെല്ലാം ചേർത്തുപിടിച്ച് പെരുമഴയിൽ നനഞ്ഞ് വിറക്കുന്ന വിടില്ലായ്മയുടെ ദുരന്തചിത്രവും കലാപ്രകടനത്തിലുണ്ട്.

ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതിയുടെ പ്രചരണാർത്ഥം ജില്ലയിൽ അവതരിപ്പിച്ചുവരുന്ന 'സഞ്ചരിക്കുന്ന നാടക വീട്' എന്ന നാടകത്തിൽ നിന്ന്

തദ്ദേശ സ്വയംഭരണവകുപ്പും സംസ്ഥാന യുവജനക്ഷേമ ബോർഡും സംയുക്തമായി ഒരുക്കിയിട്ടുള്ള നാടകം പ്രമോദ് പയ്യന്നൂരാണ് സംവിധാനം ചെയ്തിട്ടുള്ളത്. കൊടക്കാട് ശ്രീധരൻ, എം. എം. സജീന്ദ്രൻ, എൻ. വേണുഗോപാലൻ എന്നിവരാണ് നാടകരചയിതാക്കൾ. വിശ്വജിത്തിന്റെ സംഗീതത്തിൽ ഏഴാച്ചേരി, അനിൽ പനച്ചൂരാൻ എന്നിവർ രചിച്ച 14 ഗാനങ്ങളുണ്ട്. കാവാലം ശ്രീകുമാർ, മഞ്ജൂരി, ജി. വേണുഗോപാൽ എന്നിവരാണ് ഗായകർ. ഫെബ്രുവരി 25ന് ജില്ലയിൽ പര്യടനം തുടങ്ങിയ നാടകസംഘം ഇന്നലെ തൃക്കടവൂർ, തൃക്കരുവാ, കൊറ്റംങ്കര, തൃക്കോവിൽവട്ടം എന്നിവിടങ്ങളിൽ നാടകം അവതരിപ്പിച്ചു. ഇന്ന് (ചൊവ്വ) മയ്യനാട്, ആദിച്ചനല്ലൂർ, ചാത്തന്നൂർ, പൂതക്കുളം എന്നിവിടങ്ങളിലാണ് അവതരണം.

പൊലീസ് കസ്റ്റഡിയിൽനിന്ന് പ്രതി ഓടിരക്ഷപ്പെട്ടു

കാഞ്ഞങ്ങാട്: കവർച്ചക്കേസിൽ പിടികൂടി സ്റ്റേഷനിലേക്ക് കൊണ്ടുവരുന്നതിനിടയിൽ പൊലീസിനെ കബളിപ്പിച്ച് പ്രതി ഓടിരക്ഷപ്പെട്ടു. പരപ്പ എടത്തോട് നമ്പ്യാർകൊച്ചിയിലെ ഷിഹാബ് (24) ആണ് കൈയാമത്തോടെ തന്നെ രക്ഷപ്പെട്ടത്. ഇന്നലെ പുലർച്ചെയാണ് സംഭവം. വെള്ളരിക്കുണ്ട് എ.എസ്.ഐയും സംഘവുമാണ് ഷിഹാബിനെ അറസ്റ്റ് ചെയ്തത്. പൊലീസ് സ്റ്റേഷനടുത്ത് ജീപ്പ് നിർത്തി പ്രതിയെ ഇറക്കുന്നതിനിടയിൽ എ.എസ്.ഐയെ തട്ടിമാറ്റി ഓടിരക്ഷപ്പെടുകയായിരുന്നു. പരപ്പയിലെ ഒരു മൊബൈൽ ഷോപ്പിലെ കവർച്ചയുമായി ബന്ധപ്പെട്ടാണ് ഷിഹാബിനെ അറസ്റ്റ് ചെയ്തത്. കവർച്ചയുമായി ബന്ധപ്പെട്ട് കുന്നുംകൈയിലെ അഷ്റഫിനെ തിങ്കളാഴ്ച അറസ്റ്റ് ചെയ്തിരുന്നു. കൂട്ടുപ്രതിയാണ് ഷിഹാബ്. സി.ഐ ബാലകൃഷ്ണൻ നായരുടെ നേതൃത്വത്തിൽ പൊലീസ് പ്രതിക്കുവേണ്ടി വ്യാപകമായ തിരച്ചിൽ ആരംഭിച്ചിട്ടുണ്ട്.

മൂന്നാർ കൈയേറ്റം: സമഗ്ര നിയമ നിർമ്മാണം പരിഗണനയിലെന്ന് സർക്കാർ

കൊച്ചി: മൂന്നാറിലെ ഭൂമി കൈയേറ്റം ഒഴിപ്പിക്കലുമായി ബന്ധപ്പെട്ട പ്രശ്നപരിഹാരത്തിനു സമഗ്ര നിയമ നിർമ്മാണം പരിഗണനയിലാണെന്ന് സർക്കാർ ഹൈക്കോടതിയെ അറിയിച്ചു. മൂന്നാർ കൈയേറ്റങ്ങൾക്കെതിരെ നടപടി ആവശ്യപ്പെട്ട് 'വൺ എർത്ത് വൺ ലൈഫ്' എന്ന പരിസ്ഥിതി സംഘടനയും, ഒഴിപ്പിക്കലിനെതിരെ ടാറ്റ കമ്പനിയും റിസോർട്ട് ഉടമകളും സമർപ്പിച്ച ഹർജികൾ പരിഗണിക്കവേയാണ് സർക്കാരിന്റെ വിശദീകരണം. നിയമം സംബന്ധിച്ച് അന്തിമ തീരുമാനമെടുത്തിട്ടില്ല. പ്രത്യേക ട്രൈബ്യൂണലും ചെറുകിട കൈവശക്കാർക്ക് ഭൂമി പതിച്ചുനൽകലും ഇതിലുൾപ്പെടും. ഈ സാഹചര്യത്തിൽ കേസ് രണ്ടാഴ്ചയ്ക്കു ശേഷം പരിഗണിക്കാനായി ആക്ടിംഗ് ചീഫ് ജസ്റ്റിസ് പി. ആർ. രാമൻ, ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായർ എന്നിവരടങ്ങുന്ന ഡിവിഷൻബെഞ്ച് മാറ്റി.

യൂത്ത് കോൺഗ്രസ് സമ്മേളനത്തിനിടെ ഉന്തുംതള്ളും
തൃശൂർ ജില്ലാ വൈസ് പ്രസിഡന്റിനെതിരെ നടപടിയെടുക്കും

തൃശൂർ: യൂത്ത്കോൺഗ്രസ് തൃശൂർ ജില്ലാ സമ്മേളനത്തിനിടെ ജില്ലാ പ്രസിഡന്റുമായി വാക്കുതർക്കവും ഉന്തും തള്ളുമുണ്ടായ സംഭവത്തിൽ വൈസ്പ്രസിഡന്റിനെതിരെ നടപടിയുണ്ടായേക്കും. ഇതു സംബന്ധിച്ച തീരുമാനം ഇന്ന് കൊല്ലത്ത് നടക്കുന്ന സംസ്ഥാന സമിതി കൈക്കൊള്ളുമെന്ന് യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് അഡ്വ. എം. ലിജു പറഞ്ഞു.

സംഘടനാ വിരുദ്ധ പ്രവർത്തനം നടത്തിയതിന് ജില്ലാ വൈസ്പ്രസിഡന്റ് സി.എം. അനിൽകുമാറിനെ സംസ്ഥാന പ്രസിഡന്റ് സസ്പെന്റ് ചെയ്തതായി ജില്ലാ പ്രസിഡന്റ് വി. ബിജോയ് ബാബു പുറത്തിറക്കിയ പത്രക്കുറിപ്പിൽ അറിയിച്ചിരുന്നു. എന്നാൽ ഇക്കാര്യം വാസ്തവവിരുദ്ധമാണെന്നും ഫോണിലൂടെ സംസാരിച്ചതിനിടെ സംഭവിച്ച അവ്യക്തതയാണ് ഇതിന് കാരണമെന്നും എം. ലിജു അറിയിച്ചു.

ജില്ലാ സമ്മേളനത്തിൽ പങ്കെടുക്കാതിരുന്ന നേതാക്കൾക്കെതിരെയും ഉടനെ നടപടികളുണ്ടായേക്കും. ഐ ഗ്രൂപ്പിലെ ആറുപേർക്കെതിരെയാണ് നടപടിക്ക് സാധ്യതയുള്ളത്. കഴിഞ്ഞ ഞായറാഴ്ച നടന്ന ജില്ലാ സമ്മേളനത്തോടനുബന്ധിച്ചുള്ള പ്രതിനിധി സമ്മേളനം മുണ്ടശ്ശേരി ഹാളിൽ ഉദ്ഘാടനം ചെയ്തശേഷം വേദി വിട്ടിറങ്ങിയ സംസ്ഥാന പ്രസിഡന്റ് ലിജുവുമായി സംസാരിക്കാനെത്തിയ അനിൽകുമാറിനെ ബിജോയ് ബാബു ചോദ്യം ചെയ്തതാണ് പ്രശ്നത്തിനിടയാക്കിയത്. വീണ് പരിക്കേറ്റ യൂത്ത്കോൺഗ്രസ് നേതാവ് ഷിബു ജോർജിനുള്ള ചികിത്സാ സഹായം ജില്ലാ സമ്മേളനത്തിനായി പിരിച്ച ഫണ്ടിൽ നിന്ന് നൽകാൻ നിർദ്ദേശിക്കണമെന്ന് ആവശ്യപ്പെടാനായിരുന്നു അനിൽകുമാർ, ലിജുവിനെ കാണാൻ ശ്രമിച്ചതെന്ന് പറയുന്നു. സംഭവം നടക്കുന്നതിനിടയിൽ സംസ്ഥാന പ്രസിഡന്റ് സ്ഥലം വിട്ടിരുന്നു.

ഉറവകൾ വറ്റിക്കുന്ന യൂക്കാലി പ്ളാന്റേഷൻ

പുനലൂർ : ഗാളിയോർ റയോൺസിനെ രക്ഷിക്കാൻ സർക്കാരിന്റെ പിന്തുണയോടെ വച്ചുപിടിപ്പിച്ച യൂക്കാലി നാടിന്റെ ഉറവകളും കുളിരും അപഹരിക്കുന്നു.

പുനലൂർ, തെന്മല വനം ഡിവിഷനുകളിലെ ചണ്ണപ്പേട്ട, ആനക്കുളം, പിറവന്തൂർ, കറവൂർ, ആനപ്പെട്ടകോങ്കൽ, കടയ്ക്കാമൺ പ്രദേശങ്ങളിലായി ഏകദേശം 30,000 ഹെക്ടർ വനഭൂമിയാണ് യൂക്കാലിത്തോപ്പാക്കി മാറ്റിയത്.

പൂട്ടിയ മാവൂർ ഗ്വാളിയർ റയോൺസ് തുറക്കാൻ സർക്കാരുമായുണ്ടാക്കിയ കരാറിലെ വ്യവസ്ഥ അനുസരിച്ചാണ് യൂക്കാലി മരങ്ങൾ നടാൻ വനഭൂമി വിട്ടുകൊടുത്തത്. വനം വകുപ്പ് ഉദ്യോഗസ്ഥരുടെ ഒത്താശയോടെ ഗതാഗതസൗകര്യമുള്ള വനപ്രദേശങ്ങൾ വെട്ടിത്തെളിച്ച് യൂക്കാലിനട്ടു. അതിനിടയിൽ ഗ്വാളിയോർ റയോൺസ് വീണ്ടും പൂട്ടി. റയോൺസിനു വേണ്ടി വളർത്തിയ യൂക്കാലി വെട്ടി തമിഴ്നാട്ടിലെ ഏതോ സ്വകാര്യ കമ്പനിക്ക് വിറ്റു. അത് പലതവണയായി ആവർത്തിച്ചുവരുന്നു. ഓരോ തവണത്തെ വെട്ടി വെളുപ്പിക്കലിനും ഒടുവിൽ അവശിഷ്ടങ്ങൾ കൂട്ടിയിട്ട് തീകത്തിക്കും. ഈ രീതിയിൽ മണ്ണിൽ കിടക്കുന്ന കാട്ടുചെടികളുടെ വിത്തുകൾ സഹിതം ഭസ്മമാകും. സമീപപ്രദേശത്തെ കാടുകളിൽ വസിക്കുന്ന വന്യജീവികൾ പരക്കംപായും. ഇത് ആവർത്തിച്ചുകൊണ്ടിരുന്നാൽ വനംതന്നെ ഇല്ലാതാകും. അവശേഷിക്കുന്ന ജലസ്രോതസുകൾ കൂടി വറ്റും. മണ്ണിലെ ജലാംശം പൂർണ്ണമായി ഊറ്റുന്നതാണ് യൂക്കാലി മരങ്ങളെന്ന് കണ്ടെത്തിയിട്ടുണ്ട്.

കാട്ടുതീ ഇത്രയും വ്യാപകമായി ആവർത്തിച്ചുണ്ടാകുന്ന സ്ഥലം വേറെ ഇല്ല. ഇടമൺ കെ. എസ്.ഇ.ബി വൈദ്യുതി ലൈനുകൾ, റബ്ബർ-എണ്ണപ്പന- തേക്ക് തോട്ടങ്ങൾ കേടുക്കൽ കൃഷി ഫാം തുടങ്ങി സമീപ സ്ഥലങ്ങളിൽ കഴിഞ്ഞ രണ്ട് മാസത്തിനുള്ളിലുണ്ടായ തീപിടുത്തത്തിൽ കോടികളുടെ നഷ്ടമാണുണ്ടായത്.

കനാൽ തുറന്നുവിട്ടു ; ചിറക്കരയ്ക്ക് ദാഹശമനം

ചാത്തന്നൂർ : വേനലാരംഭത്തിൽത്തന്നെ ജലാശയങ്ങൾ വറ്റിവരണ്ട്, കുടിവെള്ളത്തിനായി അലഞ്ഞ ചിറക്കര നിവാസികൾക്ക് ആശ്വാസം പകർന്ന് കല്ലടയാറ് ഒഴുകിയെത്തി.

മുൻവർഷങ്ങളിൽ ഡിസംബർ-ജനുവരി മാസങ്ങളിൽ കനാൽ തുറന്നുവിടുമായിരുന്നത് ഇത്തവണ ഫെബ്രുവരി കഴിഞ്ഞും തുറന്നുവിടുന്നില്ല. ഇതേത്തുടർന്ന് പ്രദേശത്തെ കിണറുകളും കുളങ്ങളും ഏലാകളും വറ്റിവരണ്ടു. ഈ അവസ്ഥയിലും ചിറക്കര, നെടുങ്ങോലം ഭാഗങ്ങളിലെ കനാലുകളിലേക്ക് നീരൊഴുക്കാത്തത് സംബന്ധിച്ച് 'കേരളകൗമുദി' വാർത്ത പ്രസിദ്ധീകരിച്ചതിന് തൊട്ടുപിന്നാലെയാണ് കല്ലട ജലസേചന പദ്ധതി അധികൃതർ കനാൽ തുറന്നുവിട്ടത്. ഞായറാഴ്ച സന്ധ്യയോടെ വെള്ളം ചിറക്കര ഭാഗത്തെ കനാലുകളിലെത്തി. ഇതോടെ ഈ പ്രദേശത്തെ ഉറവകൾ സജീവമാവുകയും കിണറുകളിലെ ജലനിരപ്പിൽ വർദ്ധനവുണ്ടാവുകയും ചെയ്തതായി പഞ്ചായത്ത് പ്രസിഡന്റ് ടി.ആർ. ദിപു അറിയിച്ചു.

മതപണ്ഡിതന് പോലീസ് മർദനം : സുന്നി സംഘടനകൾ നിയമസഭാ മാർച്ച് നടത്തി

തിരുവനന്തപുരം : സമസ്ത കേരള സുന്നി യുവജന സംഘം (എസ്.വൈ. എസ്) തിരുവനന്തപുരം ജില്ലാ സെക്രട്ടറി നേമം സിദ്ദീഖ് സഖാഫിയെ മർദ്ദിക്കുകയും മതനിന്ദയോടെ ആക്ഷേപിക്കുകയും ചെയ്ത പോലീസുകാർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് എസ്. വൈ. എസ്., എസ്. എസ്. എഫ് സംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ നിയമസഭാ മാർച്ച് നടത്തി സംസ്ഥാന സെക്രട്ടറി എ. സൈഫുദീൻ ഹാജി ഉദ്ഘാടനം ചെയ്തു.

സംസ്ഥാന സമിതിയംഗങ്ങളായ പി. കെ. മുഹമ്മദ് ബാദുഷ സഖാഫി, കെ. എം. മുഹമ്മദ് മാസ്റ്റർ കോട്ടയം, എ. എം. അൻസാരി കൊല്ലം, സുന്നി ജംഇയ്യത്തുൽ ഉലമ ജില്ലാ ജനറൽ സെക്രട്ടറി ഷംസുദീൻ കാമിൽ സഖാഫി ചെമ്പഴന്തി, എസ്. എസ്. എഫ് ജില്ലാ പ്രസിഡന്റ് നാസർ സഖാഫി വിഴിഞ്ഞം എന്നിവർ സംസാരിച്ചു.

സുന്നി സംഘടനകൾ തിരുവനന്തപുരത്ത് നിയമസഭാ മാർച്ച് എ. സൈഫുദീൻ ഹാജി ഉദ്ഘാടനം ചെയ്യുന്നു.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ സ്ഥാപനങ്ങളുണ്ടാകണം : മന്ത്രി

കൊല്ലം : ഉന്നത വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ സ്ഥാപനങ്ങൾ കേരളത്തിൽ വളർന്നുവരണമെന്ന് ആഭ്യന്തരമന്ത്രി കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു.

ടി.കെ.എം സ്ഥാപനങ്ങളുടെ ചെയർമാൻ ഷഹാൽ ഹസൻ മുസലിയാർക്ക് കൊല്ലം പൗരാവലി നൽകിയ സ്വീകരണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ഉന്നത വിദ്യാഭ്യാസ രംഗത്ത് കേരളം പിറകിലാണ്. കൂടുതൽ സ്ഥാപനങ്ങളുണ്ടാകണം. നിലവിലുള്ളവയുടെ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കണം. നല്ല ലൈബ്രറികൾ വേണം. ലബോറട്ടറികൾ വേണം. 50 വർഷം മുമ്പ് അതിന് മാതൃകകാട്ടിയ വ്യവസായിയും സാമൂഹ്യപരിഷ്കർത്താവുമായിരുന്നു തങ്ങൾ കുഞ്ഞുമുസലിയാർ. ആ പാരമ്പര്യം കാത്തു സൂക്ഷിക്കുന്നതിൽ സന്തോഷമുണ്ട്.

കച്ചവടസ്ഥാപനങ്ങളായും ലാഭ കേന്ദ്രങ്ങളായും കണക്കാക്കാതെ സാമൂഹ്യസേവനമായികണ്ട് എൻജിനീയറിംഗ് തലമുറയെ വാർത്തെടുക്കുകയാണ് മുസലിയാർ ചെയ്തത്. ടി.കെ.എമ്മിൽ നിന്ന് പഠിച്ചിറങ്ങിയ നൂറുകണക്കിന് എൻജിനീയർമാർ ലോകത്തിന്റെ നാനാഭാഗങ്ങളിൽ ജോലിനോക്കുന്നുണ്ട്. ഷഹാൽ ഹസൻ മുസലിയാരെ മന്ത്രി കോടിയേരി ബാലകൃഷ്ണൻ പൊന്നാടയണിയിച്ചു. മന്ത്രി മുല്ലക്കര രത്നാകരൻ പൗരാവലിയുടെ ഉപഹാരം നൽകി.

സോപാനം ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ഡെപ്യൂട്ടി മേയർ പ്രൊഫ. എൻ. രാജൻ അദ്ധ്യക്ഷത വഹിച്ചു. എ.എ. അസീസ് എം.എൽ.എ, തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ, സി.പി.എം ജില്ലാ സെക്രട്ടറി കെ. രാജഗോപാൽ, ഡി.സി.സി പ്രസിഡന്റ് കടവൂർ ശിവദാസൻ, കൊല്ലം എസ്. എൻ.ഡി.പി യൂണിയൻ സെക്രട്ടറി എൻ. രാജേന്ദ്രൻ, എ. യൂനുസ്കുഞ്ഞ്, മോൺ. ഫെർഡിനന്റ് കായാവിൽ, തെങ്ങമം ബാലകൃഷ്ണൻ, കടയ്ക്കൽ അബ്ദുൾ അസീസ് മൗലവി എന്നിവർ സംസാരിച്ചു. ജനറൽ കൺവീനർ സി. ബാബു സ്വാഗതം പറഞ്ഞു.

കൊല്ലം സോപാനം ഓഡിറ്റോറിയത്തിൽ നടന്ന പൗരസ്വീകരണ ചടങ്ങിൽ ടി.കെ.എം ട്രസ്റ്റ് ചെയർമാൻ ഷഹാൽ ഹസൻ മുസലിയാരെ മന്ത്രി കോടിയേരി ബാലകൃഷ്ണൻ പൊന്നാട ചാർത്തി ആദരിക്കുന്നു. മന്ത്രി മുല്ലക്കര രത്നാകരൻ സമീപം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

NATIONAL THEATRE FESTIVAL

ദേശീയ നാടകോത്സവം
2010 മാർച്ച് 10 - 17, ടാഗോർ തീയറ്റർ
തിരുവനന്തപുരം

ഉദ്ഘാടനം മുഖ്യമന്ത്രി ശ്രീ. വി.എസ്. അച്യുതാനന്ദൻ
ഇന്ന് വൈകിട്ട് 7 ന്

നാടകങ്ങൾ : വൈകിട്ട് 6.30, രാത്രി 8

മാർച്ച് 10 സാഗരകന്യക - സം: ജ്യോതിഷ് എം. ജി.
11 ദൽപത്സിംഗ് യതി ഗവ - അതുൽ പെതെ, കൂട്ടുകൃഷി - നരിപ്പറ രാജു
12 പ്രവാചക - സി.വി. സുധി, തേഡ ദർപൺ - രാജ്കുമാർ രജക്
13 ബിഖാരെ ബിംബ് - ഗിരീഷ് കർണാട്, ട്രോജൻ വുമൺ - എ ലവ് സ്റ്റോറി - കുമാരദാസ്. റ്റി. എൻ
14 ബ്ലാക്ക് ഓർക്കിഡ് - ടോയിജാം ഷിലാ ദേവി, ഇരുവട്ടം മണവാട്ടി - രമേഷ് വർമ
15 നിങ്ങൾ എന്നെ കമ്മ്യൂണിസ്റ്റാക്കി - തോപ്പിൽ ഭാസി
16 എക്ക്ഡിസിസ് - അർജുൻ റെയ്ന, അവനവൻ കടമ്പ - കാവാലം നാരായണപ്പണിക്കർ
17 സ്പൈനൽ കോഡ് - ദീപൻ ശിവരാമൻ

- തീയറ്റർ പ്രോപ്പർട്ടി എക്സിബിഷൻ
- നാടകചരിത്ര പ്രദർശനം
- നാടക വീഡിയോ പ്രദർശനം
- നാടകാചാര്യൻമാരെക്കുറിച്ചുള്ള ഡോക്യുമെന്ററികൾ
- നാടക ശില്പശാല

prasoonkprabhakar.red.tvm

അമ്മയും കുഞ്ഞും തീകൊളുത്തി മരിച്ചു

വാടാനപ്പിള്ളി: യുവതിയും കുഞ്ഞും തീകൊളുത്തി മരിച്ചു. ഏങ്ങണ്ടിയൂർ ഏത്തായ് അമ്പിളി സെന്ററിൽ കണാറ രജീവിന്റെ ഭാര്യ രാജി (27), മകൻ ഒന്നര വയസ്സുള്ള ഗോപീകൃഷ്ണൻ എന്നിവരാണ് മരിച്ചത്. കുഞ്ഞിന്റെ ദേഹത്ത് മണ്ണെണ്ണയൊഴിച്ച് തീകൊളുത്തിയ ശേഷം സ്വയം ദേഹത്ത് തീകൊളുത്തുകയായിരുന്നു. ഇന്നലെ രാവിലെ പത്തോടെ ഇരുവരുടെയും നിലവിളി കേട്ട് നാട്ടുകാർ ഓടിയെത്തി നോക്കുമ്പോൾ അടുക്കളയിൽ തീപിടിച്ച നിലയിൽ ഇരുവരെയും കണ്ടെത്തുകയായിരുന്നു. സംഭവസമയം വീട്ടിൽ മറ്റാരുമുണ്ടായിരുന്നില്ല.

തീകൊളുത്തി ആത്മഹത്യ ചെയ്ത രാജിയും മകൻ ഗോപീകൃഷ്ണനും

ഗുരുതരമായി പൊള്ളലേറ്റ രാജിയെ മുളങ്കുന്നത്തുകാവ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചെങ്കിലും വഴിമദ്ധ്യേ മരിച്ചു. ഗോപീകൃഷ്ണൻ ജൂബിലി മിഷൻ ആശുപത്രിയിൽ രാവിലെ 11.40-ഓടെയാണ് മരിച്ചത്. രാജിയുടെ ഭർത്താവ് രജീവ് ദുബായിലാണ്. ഇവരുടെ ഏകമകനാണ് ഗോപീകൃഷ്ണൻ. രാജി മുറ്റിച്ചൂർ പടിയം സ്വദേശിനിയാണ്. സംസ്കാരം ഇന്ന് നടക്കും.